"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- ഓപ്പറേഷൻ സരൾ രാസ്ത 3 - SC-45/2022/SRT- PE-7/2022/SRT- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 16.09.2022-ൽ കൊല്ലം പുനലൂർ മുൻസിപ്പാലിറ്റിയിലെ പേപ്പർ മിൽ- ശാസ്താംകോണം- വള്ളക്കടവ് റോഡിൽ നടത്തിയ മിന്നൽ പരിശോധന- അപാകതകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.397/2026/LSGD തീയതി,തിരുവനന്തപുരം, 16-02-2026

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ- യുടെ 12.06.2023-ലെ E1-(PE-7/2022/SRT) 21824/2023/DVACB നമ്പർ കത്ത്.

2. പുനലൂർ മുൻസിപ്പാലിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ ശ്രീമതി ശ്രീദേവി വി.എസ്.(PEN-422023), അസിസ്റ്റന്റ് എൻജിനീയർ ശ്രീ. ജയരാജ് വി.കെ. (PEN-480978), ഓവർസിയർ ഗ്രേഡ് III ശ്രീമതി വത്സല കുമാരി എൻ.(PEN-889897) എന്നിവർക്ക് എതിരെയുള്ള 28.10.2023-ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3. പുനലൂർ മുൻസിപ്പാലിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറായിരുന്ന ശ്രീമതി ശ്രീദേവി വി.എസ്.-ന്റെ 27.11.2023 തീയതിയായ പ്രതിവാദ പത്രിക.

4. പുനലൂർ മുൻസിപ്പാലിറ്റി അസിസ്റ്റന്റ് എൻജിനീയറായിരുന്ന ശ്രീ. ജയരാജ് വി.കെ. 27.11.2023 തീയതിയായ പ്രതിവാദപത്രിക.

5. പുനലൂർ മുൻസിപ്പാലിറ്റി ഗ്രേഡ് III ഓവർസിയറായിരുന്ന ശ്രീമതി വത്സല കുമാരി എൻ. സമർപ്പിച്ച 25.11.2023 തീയതിയായ പ്രതിവാദപത്രിക.

6. പ്രിൻസിപ്പൽ ഡയറക്ടറുടെ 30.07.2024, 16.03.2025 എന്നീ തീയതികളിലെ LSGD/PD/62430/2023-VIGA4 നമ്പർ കത്തുകൾ.

**ഉത്തരവ്**

"ഓപ്പറേഷൻ സരൾ രാസ്ത-3"-യുടെ ഭാഗമായി വിജിലൻസ് & ആന്റി കറപ്ഷൻ

ബ്യൂറോ 16.09.2022-ൽ കൊല്ലം പുനലൂർ മുൻസിപ്പാലിറ്റിയിലെ പേപ്പർ മിൽ-ശാസ്താംകോണം-വള്ളക്കടവ് റോഡിൽ മിന്നൽ പരിശോധന (SC-45/2022/SRT) നടത്തുകയും തുടർന്ന് പ്രാഥമിക അന്വേഷണം (PE-7/2022/SRT) നടത്തുകയും ചെയ്തതിൽ ക്രമക്കേടുകൾ കണ്ടെത്തുകയും പരാമർശം (1) പ്രകാരം പ്രാഥമിക അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പുനലൂർ മുൻസിപ്പാലിറ്റിയിലെ പ്രസ്തുത സമയത്തെ എൻജിനീയറിംഗ് വിഭാഗം ജീവനക്കാരായ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനിയർ, ശ്രീമതി ശ്രീദേവി വി.എസ്. അസിസ്റ്റന്റ് എൻജിനീയർ, ശ്രീ. ജയരാജ് വി.കെ, ഓവർസിയർ ഗ്രേഡ് III, ശ്രീമതി വത്സല കുമാരി എൻ. എന്നിവരുടെ ഭാഗത്തു നിന്നും ചുവടെ ചേർത്തിരിക്കുന്ന വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി പ്രാഥമികാന്വേഷണത്തിൽ വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോ കണ്ടെത്തി.

1. പുനലൂർ മുൻസിപ്പാലിറ്റിയിലെ പേപ്പർ മിൽ - ശാസ്താംകോണം - വള്ളക്കടവ് റോഡിന്റെ റീ ടാറിംഗ് പ്രവൃത്തി മേൽനോട്ടം വഹിക്കുന്നതിൽ പുനലൂർ മുൻസിപ്പാലിറ്റിയിലെ എഞ്ചിനീയറിംഗ് വിഭാഗം ഓവർസിയർ ഗ്രേഡ് -III ശ്രീമതി വൽസലകുമാരിയുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചു.
2. പേപ്പർ മിൽ - ശാസ്താംകോണം - വള്ളക്കടവ് റോഡിന്റെ റീ ടാറിംഗ് പ്രവൃത്തി കഴിഞ്ഞ് വിജിലൻസ് പരിശോധനയ്ക്ക് മുമ്പായി ഡിഫക്റ്റ് ലയബിലിറ്റി പീരിയഡിനുള്ളിൽ ടി റോഡിന് സംഭവിച്ച അപാകതകൾ പരിഹരിക്കുന്നതിന് യഥാസമയം ബന്ധപ്പെട്ട കരാറുകാരന് കത്തയച്ച് നടപടികൾ സ്വീകരിച്ചിരുന്നില്ല. കൂടാതെ ഒറിജിനൽ എഗ്രിമെന്റ് ഷെഡ്യൂളിൽ കരാറുകാരൻ ക്വാട്ട് ചെയ്തിരിക്കുന്ന റേറ്റ് ആയ 182.787/$m^2$ -ൽ നിന്നും 18.271/$m^2$ കുറവായി ചെയ്തതിൽ 3540 $m^2$ - ന് 64,679.34/- രൂപ കരാറുകാരന് ചെയ്യാത്ത പ്രവർത്തിയ്ക്ക് അധികമായി നൽകി. ആയത് പുനലൂർ മുൻസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജയരാജ് വി.കെ.-യുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.
3. പുനലൂർ മുൻസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ പേപ്പർ മിൽ - ശാസ്താംകോണം വള്ളക്കടവ് റോഡിന്റെ റീ ടാറിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട എം ബുക്കുകൾ ടി റോഡ് റീ ടാർ ചെയ്ത സ്ഥലത്ത് ഹാജരായി വരിഫൈ ചെയ്തതിൽ നിന്നും, നോട്ട് ഫയലിൽ ഫൈനൽ ബിൽ ചെക്ക് മെഷർ ചെയ്തതിനൊപ്പം മഴക്കാലമായതിനാലും ടാറിംഗ് പ്രവർത്തി ആയതിനാലും 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി defer ചെയ്ത് ബാക്കി തുക ഇപ്പോൾ അനുവദിക്കുന്നു എന്ന് 09.06.2022- ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീമതി ശ്രീദേവി വി.എസ്, രേഖപ്പെടുത്തിയത് ടി പ്രവർത്തിയിലെ അപാകതകൾ ടിയാൾക്ക് ബോധ്യപ്പെട്ടിരുന്നു എന്നത് വ്യക്തമാക്കുന്നുവെങ്കിലും ആയതിന്മേൽ തുടർനടപടികൾ സ്വീകരിക്കാത്തത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണെന്ന് വെളിവായി.

ആയതിനാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രസ്തുത ജീവനക്കാർക്കെതിരെ ചുവടെ ചേർക്കുന്ന നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുകയും വിജിലൻസ് വകുപ്പ് ടി ശിപാർശ അംഗീകരിക്കുകയും ചെയ്തു.

1. ഒന്നാമത്തെ അപാകതയ്ക്ക് ഉത്തരവാദിയായ പുനലൂർ മുൻസിപ്പാലിറ്റിയിലെ എഞ്ചിനീയറിംഗ് വിഭാഗം ഗ്രേഡ് III ഓവർസിയർ, ശ്രീമതി. വൽസലകുമാരിയ്ക്കെതിരെ ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. രണ്ടാമത്തെ അപാകതയ്ക്ക് ഉത്തരവാദിയായ പുനലൂർ മുൻസിപ്പാലിറ്റിയിലെ എഞ്ചിനീയറിംഗ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.വി.കെ.ജയരാജ്-നെതിരെ ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. മൂന്നാമത്തെ അപാകതയ്ക്ക് ഉത്തരവാദിയായ പുനലൂർ മുൻസിപ്പാലിറ്റിയിലെ എഞ്ചിനീയറിംഗ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ശ്രീദേവി വി.എസ് -നെതിരെ ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ പുനലൂർ മുൻസിപ്പാലിറ്റിയിലെ എൻജിനീയറിംഗ് വിഭാഗം ജീവനക്കാരായിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ, ശ്രീമതി ശ്രീദേവി വി.എസ്., അസിസ്റ്റന്റ് എൻജിനീയർ, ശ്രീ. ജയരാജ് വി.കെ, ഓവർസിയർ ഗ്രേഡ് III ശ്രീമതി വത്സല കുമാരി എൻ. എന്നിവർക്കെതിരെ പരാമർശം (2) പ്രകാരം 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കുകയും ടി ജീവനക്കാർ പരാമർശം (3), (4), (5), എന്നിവ പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ആയതിൽ ടി ജീവനക്കാർ കുറ്റം നിഷേധിക്കുകയും ചെയ്തു.

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീമതി ശ്രീദേവി വി.എസ്-ന്റെ പ്രതിവാദ പത്രികയിൽ** 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പേപ്പർമിൽ - ശാസ്താംകോണം - വള്ളക്കടവ് റോഡിന്റെ റി ടാറിംഗ് റോഡിലെ കുഴികൾ (Pot holes) അടച്ച് റോഡ് റീ ടാറിംഗ് ചെയ്യുന്നതിനും 30 സെ.മീ ഉയരത്തിൽ കോൺക്രീറ്റ് സൈഡ് വാൾ ചെയ്യുന്നതിനും ജി എസ് ടി ഉൾപ്പെടെ 12/- രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത് എന്നും ശ്രീ.സാംകുട്ടി എന്ന കരാറുകാരനുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുകയും റീ ടാറിംഗ് പ്രവൃത്തി നടന്നപ്പോൾ മഴ പെയ്തതിനാൽ ടാറിംഗ് പ്രതലത്തിലൂടെ വെള്ളം penetrate ചെയ്യാൻ സാധ്യത ഉള്ളതിനാൽ പിന്നീട് റോഡിന് കേടുപാട് സംഭവിച്ചാലോ എന്നതിനാൽ 5% തുക റിടെൻഷനായി ഡെഫർ ചെയ്ത് ബാക്കി തുക അനുവദിക്കാമെന്ന് ഫയലിൽ രേഖപ്പെടുത്തി ബിൽ പാസ്സാക്കി നൽകി എന്നും ഡിഫക്ട് ലയബിലിറ്റി പീരിയഡിനുള്ളിൽ റോഡിന് എന്ത് അപാകത സംഭവിച്ചാലും ആയത് കരാറുകാരൻ പരിഹരിക്കാമെന്ന് ഉറപ്പ് നൽകുകയും ചെയ്തിരുന്നു എന്നും തുടർന്ന് മഴക്കാലമായതിനാൽ റോഡിന്റെ കുറച്ച് ഭാഗത്ത് മെറ്റൽ ഇളകിയതു മൂലം ടി റോഡിൽ റീ ടാറിംഗ് നടത്തി അപാകത പരിഹരിക്കുകയും ചെയ്തു എന്നും സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന കാര്യങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല എന്നും വിശദീകരിച്ചു.

**അസിസ്റ്റന്റ് എഞ്ചിനിയർ, ശ്രീ. വി.കെ ജയരാജിന്റെ പ്രതിവാദ പത്രികയിൽ** ഓപ്പറേഷൻ സരൾ രാസ്താ-3 യുടെ ഭാഗമായി Vigilance & Anti Corruption Bureau ഉദ്യോഗസ്ഥൻ 16.09.2022-ൽ ടി റോഡ് പരിശോധിക്കുകയും വെള്ളം കെട്ടികിടക്കുന്ന 18m ഭാഗത്തെ മെറ്റൽ ഇളകിയതായി കണ്ടെത്തുകയും മെറ്റൽ ഇളകിയ ഭാഗത്തെ 3 സ്ഥലത്ത് കോർ കട്ട് ചെയ്യുകയും ടീ ഭാഗങ്ങളിൽ 20 mm-ന്റെ ചിപ്പിങ്ങ് കാർപ്പറ്റിൽ 2mm-ന്റെ കുറവ് കണ്ടെത്തുകയും ചെയ്തു എന്നും ടി റോഡിന്റെ ബാക്കി ഭാഗങ്ങളിൽ ഒന്നും തന്നെ കേടുപാടുകൾ ഒന്നും സംഭവിച്ചിട്ടില്ലാത്തതും ആണ് എന്നും കരാറുകാൻ മഴ മാറിയ സമയം തന്നെ ടി ഭാഗം റീ ടാർ ചെയ്തു അപാകത പരിഹരിച്ചിട്ടുണ്ട് എന്നും കുറ്റാരോപണ പരാമർശത്തിൽ 18.271 $m^2$-ന് കുറവായി എന്ന് പറയുന്നത് അപാകത സംഭവിച്ച ഭാഗത്ത് കോർ കട്ട് ചെയ്തപ്പോൾ 2 mm ന്റെ കുറവ് കണ്ടത് റോഡിന്റെ എല്ലാ ഭാഗത്തുമുണ്ട് എന്ന അനുമാനത്തിലാണ് എന്നും നിലവിൽ ടി റോഡിന്റെ ഒരു ഭാഗത്തും അപാകതകൾ ഒന്നും തന്നെ ഇല്ലാത്തതാണ് എന്നും വിശദീകരിച്ചു.

**ഓവർസിയർ ഗ്രേഡ് III, ശ്രീമതി വൽസല കുമാരി എൻ.-ന്റെ പ്രതിവാദ പത്രികയിൽ** റീ ടാറിംഗ് നടന്ന സമയത്ത് ടി റോഡിന്റെ പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്നതിനായി ഓവർസിയറായി താൻ മാത്രമാണ് ഉണ്ടായിരുന്നത് എന്നും റീ ടാറിംഗ് പ്രവൃത്തിക്ക് ആവശ്യമായ മിക്സ് തയ്യാറാക്കുന്ന സ്ഥലത്തും laying ചെയ്ത സ്ഥലത്തുമായി മാറി മാറി പരിശോധന നടത്തിയാണ് ടി പ്രവൃത്തി പൂർത്തീകരിച്ചത് എന്നും റാൻഡം ചെക്കിംഗിനു 20 mm കനം ഉറപ്പ് വരുത്തിയിട്ടുള്ളതുമായിരുന്നു എന്നും എന്നാൽ അപ്രതീക്ഷിതമായി ടാറിംഗിന്റെ സെറ്റിംഗ് ടൈം കഴിയുന്നതിനു മുൻപായി ശക്തമായ വേനൽ മഴ പെയ്യുകയും റോഡിന്റെ അവസാനം താഴ്ചയുള്ള ഭാഗത്തു വെള്ളം കെട്ടികിടക്കുകയും തുടർന്നുള്ള ദിവസങ്ങളിലും മഴ പെയ്യുകയും പിന്നീട് കാലവർഷം ആരംഭിക്കുകയും ചെയ്തത് മൂലം ടി റോഡിൽ എന്തെങ്കിലും അപാകത സംഭവിച്ചേക്കാം എന്നുള്ളതിനാൽ വിവരം മേലുദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്തു എന്നും ടി പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കുന്ന രീതിയിൽ യാതൊരു വിട്ടുവീഴ്ചയും മേൽനോട്ട സമയത്ത് ചെയ്തിട്ടില്ല എന്നും വിശദീകരിച്ചു.

മേൽ പ്രതിവാദപത്രികകളിന്മേൽ പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ 31.01.2022-ൽ എഗ്രിമെന്റ് വച്ച പ്രസ്തുത പ്രവൃത്തി 28.05.2022-ൽ ആരംഭിക്കുകയും സ്ഥല പരിശോധന നടത്തിയതിൽ ടാറിംഗ് ഇളകിയ സ്ഥലം മഴവെള്ളം കെട്ടിനിൽക്കാൻ സാധ്യതയുള്ള സ്ഥലമാണ് എന്നും ടാറിംഗ് പൂർത്തികരിച്ച ഉടൻതന്നെ മഴപെയ്ത് വെള്ളക്കെട്ടായതുമൂലം ചില്ല് ഇളകാൻ സാധ്യതയുണ്ട് എന്ന ധാരണയിലാണ് 5% തുക ഡെഫർ ചെയ്തതെന്നും മഴയിൽ ചിപ്സ് ഇളകിയതിനാലാണ് റോഡ് കട്ട് ചെയ്തപ്പോൾ കനത്തിൽ കുറവുണ്ടായത് എന്ന വാദവും റോഡ് പരിശോധിച്ചതിൽ ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്നും ടി കനക്കുറവ് മുഴുവൻ സ്ഥലത്തുമുണ്ട് എന്ന അനുമാനത്തിലാണ് പരിശോധനയിൽ സാമ്പത്തിക നഷ്ടം ആരോപിച്ചിട്ടുള്ളത് എന്ന വാദവും അംഗീകരിക്കത്തക്കതാണ് എന്നും പിന്നീട് ഡിഫക്ട് ലയബലിറ്റി പീരീഡിനുള്ളിൽ

കരാറുകാരൻ തന്നെ റീടാർ ചെയ്ത് റോഡ് പൂർവ്വസ്ഥിതിയിലാക്കിയത് പരിഗണിച്ച് ഇതുമായി ബന്ധപ്പെട്ട് **സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്ന നിഗമനത്തിലെത്താവുന്നതാണെന്നും കരാറുകാരനിൽ നിന്നും നഷ്ടത്തുക ഈടാക്കിയിട്ടുള്ളതിനാലും കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണ്** എന്ന് അഭിപ്രായപ്പെട്ടു.

വിജലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട്, പ്രതിവാദ പത്രികകൾ, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ കൊല്ലം പുനലൂർ നഗരസഭയിൽ പദ്ധതി നം. 80-2022-ൽ ഉൾപ്പെടുത്തി പേപ്പർ മിൽ- ശാസ്താംകോണം- വള്ളക്കടവ് റോഡിന്റെ റീ ടാറിംഗ് എന്ന പ്രവൃത്തി നടപ്പിലാക്കിയതിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെങ്കിലും എൻജിനീയറിംഗ് വിഭാഗം ജീവനക്കാരായ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനിയർ, ശ്രീമതി ശ്രീദേവി വി.എസ്. (PEN-422023), അസിസ്റ്റന്റ് എൻജിനീയർ, ശ്രീ. ജയരാജ് വി.കെ. (PEN - 480978), ഓവർസിയർ ഗ്രേഡ് III ശ്രീമതി വത്സല കുമാരി എൻ. (PEN- 889897) എന്നിവരുടെ ഭാഗത്ത് ജാഗ്രതക്കുറവ് ഉണ്ടായിട്ടുള്ളതിനാൽ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടി, ഔദ്യോഗിക കൃത്യനിർവഹണത്തിൽ ജാഗ്രതപാലിയ്ക്കേണ്ടതാണെന്ന് മേൽ ചട്ടങ്ങളിലെ ചട്ടം 11 (1) (i) പ്രകാരം ശാസനയായി (സെൻഷർ) നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീമതി ശ്രീദേവി വി.എസ്.(PEN-422023, മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനിയർ പുനലൂർ മുൻസിപ്പാലിറ്റി
2. ശ്രീ. ജയരാജ് വി.കെ.(PEN-480978), മുൻ അസിസ്റ്റന്റ് എൻജിനീയർ പുനലൂർ മുൻസിപ്പാലിറ്റി,
3. ശ്രീമതി വത്സല കുമാരി എൻ.(PEN- 889897), മുൻഓവർസിയർ ഗ്രേഡ് III പുനലൂർ മുൻസിപ്പാലിറ്റി

   **(1,2,3 പേർക്ക് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന.)**
4. പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം. **(ഈ ഉത്തരവ് പ്രകാരമുള്ള തുടർനടപടി സ്വീകരിയ്ക്കുന്നതിനായി)**
5. ഡയറക്ടർ, വിജിലൻസ്& ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
6. വിജിലൻസ് (എഫ്) വകുപ്പ് (വിജി-എഫ്1/283/2023-വിജി പ്രകാരം)
7. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ) കേരള, തൃശ്ശൂർ.
8. വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (EWA1/83/2023-LSGD).

ഉത്തരവിൻ പ്രകാരം

Signed by Asha. R
Date: 17-02-2026 11:02:33
സെക്ഷൻ ഓഫീസർ